തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവ്വകലാശാല

വാക്കാട് പോസ്റ്റ്, മലപ്പുറം - 676 502.

തിയ്യതി : **22-09-2026**

നമ്പർ- **5559**/ബി -2/**2026**/അഡ്മിൻ

## ക്വട്ടേഷൻ നോട്ടീസ്

08/09/2026 ലെ GO (Rt)-1150/2026/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിട്ടയേർഡ് ജില്ലാ ജഡ്ജിയെ ജുഡീഷ്യൽ അന്വേഷണ ഓഫീസറായി നിയോഗിച്ചു കൊണ്ട് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ രൂപീകരിച്ചിട്ടുള്ള അന്വേഷണ കമ്മീഷന്റെ യാത്രാ ആവശ്യത്തിനായി വാഹനം (കാർ) ലഭ്യമാക്കുന്നതിനായി തയ്യാറുള്ള വാഹന ഉടമകളിൽ നിന്നും തുക രേഖപ്പെടുത്തി കൊണ്ടുള്ള മുദ്ര വച്ച ക്വൊട്ടേഷൻ, താഴെ കൊടുത്ത വ്യവസ്ഥകൾക്ക് വിധേയമായി, ക്ഷണിക്കുന്നു.

1- ക്വൊട്ടേഷൻ സമർപ്പിക്കുന്നവർ വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവറെയും നൽകേണ്ടതും പ്രസ്തുത വ്യക്തി ഡ്രൈവർ കം ഓഫീസ് അറ്റൻഡർ എന്ന നിലയിൽ പ്രവർത്തിക്കാൻ തയ്യാറാവേണ്ടതുമാണ്.

2- വാഹനത്തിന്റെ ദിവസ / ആഴ്ച/ മാസ വാടക (ഡ്രൈവറുടെ വേതനം ഉൾപ്പെടെ), വാഹനം ഓടുന്നതിനുള്ള കിലോമീറ്റർ നിരക്ക് എന്നിവ വെവ്വേറെ കാണിച്ചിരിക്കേണ്ടതാണ്.

3- കമ്മീഷൻ ആവശ്യപ്പെടുന്ന ദിവസങ്ങളിലും സമയത്തും ജോലിക്ക് ഹാജരാകാൻ സന്നദ്ധരാവേണ്ടതാണ്.

4- 28/09/2026 മുതൽ സേവനം ലഭ്യമാക്കേണ്ടതാണ്. സേവനം ലഭിക്കേണ്ട കാലം പരമാവധി 45 ദിവസമായിരിക്കും. സേവനം ലഭ്യമാകേണ്ട കാലത്തിൽ മാറ്റം വരുത്താനുള്ള അവകാശം സർവകലാശാലയിൽ നിക്ഷിപ്തമായിരിക്കും. മേൽ കാലഘട്ടത്തിൽ ആവശ്യാനുസരം വാഹനവും ഡ്രൈവർ കം ഓഫീസ് അറ്റൻഡർ സേവനവും ലഭ്യമാക്കേണ്ടതുണ്ട്.

5- ക്വൊട്ടേഷനിൽ അംഗീകരിച്ച തുകയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ക്വട്ടേഷനുകൾ 25/09/26 ന് **ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി** സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **"വാഹനം ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം.

ക്വട്ടേഷനുകൾ അന്നേ ദിവസം തന്നെ 4 മണിക്ക് തുറക്കുന്നതും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിന്, നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായികൊണ്ട്, കരാർ ഉറപ്പിച്ചു നൽകുന്നതുമാണ്.

ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

[ഒപ്പ്]

**പ്രൊഫ (ഡോ) മല്ലിക എം ജി**
**രജിസ്ട്രാർ ഇൻ ചാർജ്**

പകർപ്പ് - വി സി ഓഫീസ് / നോട്ടീസ് ബോർഡ്/പി ആർ ഒ / എസ്റ്റേറ്റ് ഓഫീസർ / വെബ്സൈറ്റ്

**അംഗീകാരത്തോടെ അയക്കുന്നത്**

**സെക്ഷൻ ഓഫീസർ**